# കേരളസംസ്ഥാന സഹകരണതെരഞ്ഞെടുപ്പ് കമ്മീഷൻ

നം.ഇ(2)40/2025/എസ്.സി.ഇ.സി തീയതി–03.01.2025

## പരിപത്രം നമ്പർ.1/2025

വിഷയം:- സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പ്-അപേക്ഷ സമർപ്പിക്കൽ- മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്-സംബന്ധിച്ച്

പരാമർശം:-

1. 07.08.2014-ലെ 05/2014 നമ്പർ സർക്കുലർ
2. 26.05.2023-ലെ 1/2023 നമ്പർ സർക്കുലർ
3. 22.11.2023-ലെ 2/2023 നമ്പർ സർക്കുലർ
4. 07.06.2024-ലെ 1829-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 142/ലെഗ്.എച്ച്2/2022/നിയമം നമ്പർ പ്രകാരം പ്രസിദ്ധപ്പെടുത്തിയ വിജ്ഞാപനം
5. 31.12.2024-ലെ 4134-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ നമ്പർ 1203/2024 ആയി പ്രസിദ്ധീകരിച്ച 31.12.2024 തീയതിയിലെ സ.ഉ.(അച്ചടി)നമ്പർ 232/2024/സഹ പ്രകാരമുള്ള വിജ്ഞാപനം

1969-ലെ കേരള സഹകരണസംഘങ്ങൾ ആക്റ്റ്, കേരള സഹകരണസംഘങ്ങൾ ചട്ടങ്ങൾ എന്നിവയിലെ വ്യവസ്ഥകൾക്ക് അനുസൃതമായി സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ടുള്ള അപേക്ഷകൾ സമർപ്പിക്കുന്നത് സംബന്ധിച്ച് പരാമർശം (1),(2),(3) പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. പരാമർശം (4) പ്രകാരം കേരള സഹകരണ സംഘങ്ങൾ നിയമങ്ങളിലും പരാമർശം (5) പ്രകാരം കേരള സഹകരണസംഘങ്ങൾ ചട്ടങ്ങളിലും വരുത്തിയ ഭേദഗതികൾ പ്രാബല്യത്തിൽ വന്നിട്ടുള്ള സാഹചര്യത്തിൽ ചുവടെ പറയും പ്രകാരമുള്ള നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1. സർക്കിൾ സഹകരണ യൂണിയനുകളിലേക്കും സംസ്ഥാന സഹകരണ യൂണിയനിലേക്കുമുള്ള തെരഞ്ഞെടുപ്പ് ചുമതല കേരള സഹകരണസംഘങ്ങൾ ആക്റ്റിലെ വകുപ്പ് 28(ബി) പ്രകാരം സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷനിൽ നിക്ഷിപ്തമാക്കിയിട്ടുള്ളതിനാൽ, സർക്കിൾ സഹകരണ യൂണിയനുകളിലേക്കുള്ള തെരഞ്ഞെടുപ്പ് അപേക്ഷകൾ ബന്ധപ്പെട്ട ജില്ലാ സഹകരണസംഘം ജോയിന്റ് രജിസ്ട്രാർ(ജനറൽ) മുഖേനയും, സംസ്ഥാന സഹകരണ യൂണിയനിലേക്കുള്ള തെരഞ്ഞെടുപ്പ് അപേക്ഷ സഹകരണസംഘം രജിസ്ട്രാർ മുഖേനയും ചട്ടപ്രകാരം സംസ്ഥാന സഹകരണ തെരഞ്ഞെടുപ്പ് കമ്മീഷനിൽ സമർപ്പിക്കേണ്ടതാണ്.
2. 31.12.2024 മുതൽ പുതുക്കിയ തെരഞ്ഞെടുപ്പ് അപേക്ഷ ഫീസ് ചുവടെ പറയുന്ന പ്രകാരമാണ്.

| ക്രമ നം. | സംഘത്തിന്റെ വിഭാഗം | തെരഞ്ഞെടുപ്പ് ഫീസ് |
|---|---|---|
| 1 | അപ്പക്സ് സഹകരണസംഘങ്ങൾ/സംസ്ഥാന സഹകരണ യൂണിയൻ | 7500 |
| 2 | സെൻട്രൽ/ഫെഡറൽ സഹകരണസംഘങ്ങൾ | 4500 |
| 3 | വായ്പാ സഹകരണസംഘങ്ങളും, ഭവന സഹകരണസംഘങ്ങളും | 3000 |
| 4 | മറ്റ് സഹകരണസംഘങ്ങൾ/സർക്കിൾ സഹകരണ യൂണിയനുകൾ | 1500 |

തെരഞ്ഞെടുപ്പ് അപേക്ഷകൾ ന്യൂനത രഹിതമായി സമർപ്പിക്കുവാൻ എല്ലാ സഹകരണസംഘങ്ങളും നിയന്ത്രണ അധികാരികളും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

എസ്.എച്ച്. ജയകേശൻ
സംസ്ഥാന സഹകരണ മുഖ്യ തെരഞ്ഞെടുപ്പ് കമ്മീഷണർ

ജവഹർ സഹകരണ ഭവൻ, 9-ാം നില, ഡി.പി.ഐ ജംങ്ഷൻ, തൈക്കാട് പി.ഒ, തിരുവനന്തപുരം – 695014
ഫോൺ:0471 2311114 ഇ-മെയിൽ: keralascec@gmail.com